പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6899 10.07.2014 ൽ മറുപടിക്ക്.

## തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന അന്യസംസ്ഥാനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു ഏബ്രഹാം: | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) ഗ്രാമപ്രദേശങ്ങളിലും മറ്റും ദിവസക്കൂലിക്ക് ധാരാളം അന്യ സംസ്ഥാനക്കാർ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ഇങ്ങനെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്തി ഇവിടെ തൊഴിലെടുക്കുന്നവർക്ക് രജിസ്ട്രേഷനോ, എംപ്ലോയ്മെന്റ് കാർഡോ മറ്റേതെങ്കിലും തരത്തിലുള്ള രേഖകളോ നൽകിയിട്ടുണ്ടോ; | (എ) തൊഴിൽ വകുപ്പിന് വേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (GIFT) നടത്തിയ പഠന റിപ്പോർട്ടിൽ കേരളത്തിൽ 25 ലക്ഷത്തിൽപ്പരം അന്യ സംസ്ഥാന തൊഴിലാളികൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. കെട്ടിടവും ഇതര നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിന്റെ നേതൃത്വത്തിൽ വ്യാപകമായി അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തിവരുന്നു. നിലവിൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 42,353 പേരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള കുടിയേറ്റ ക്ഷേമ പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകിവരുന്നുണ്ട്. |
| (ബി) തൊഴിലാളികളെന്ന വ്യാജേന തീവ്രവാദികളും, ക്രിമിനൽ കേസിലെ പ്രതികളും മറ്റും ഇവിടെ ഒളിവിൽ താമസിക്കുന്നതായുള്ള റിപ്പോർട്ടുകൾ തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ലേബർ ആഫീസിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പണിയെടുക്കാൻ കഴിയുന്ന തരത്തിൽ നിയമനിർമ്മാണം നടത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (സി) ഇത്തരത്തിൽ നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ ഇവർക്ക് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിയന്ത്രണത്തിലുള്ള കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം രജിസ്ട്രേഷൻ നൽകി വരുന്നു. |

സെക്ഷൻ ആഫീസർ.